# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1757** 10.02.2020 -ലെ മറുപടിയ്ക്ക്

## കേരള സർവ്വകലാശാലയിലെ മോഡറേഷൻ ക്രമക്കേട്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അനിൽ അക്കര**<br>**ശ്രീ. വി.ടി.ബൽറാം**<br>**ശ്രീ. റോജി എം. ജോൺ**<br>**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | **ഡോ.കെ.ടി.ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| എ) | കേരള സർവ്വകലാശാല, മോഡറേഷൻ ക്രമക്കേടിലൂടെ വിദ്യാർത്ഥികളെ വിജയിപ്പിച്ച സംഭവം സംബന്ധിച്ച് ഏതൊക്കെ തരത്തിലുള്ള അന്വേഷണമാണ് നടത്തിയത്; | (എ) | സർവ്വകലാശാലാ ആഭ്യന്തര സമിതി, സിൻഡിക്കേറ്റ് നിയോഗിച്ച വിദഗ്ധ സമിതി, ക്രൈം ബ്രാഞ്ച് എന്നിവ വഴി അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് അന്വേഷിച്ച ജില്ലാ ക്രൈംബ്രാഞ്ച്, കേസ് രജിസ്റ്റർ ചെയ്ത് വിശദമായ അന്വേഷണം നടത്തണമെന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (ബി) | മോഡറേഷൻ മാർക്കിൽ ക്രമക്കേടു നടന്നതുമായി ബന്ധപ്പെട്ട് കേരളാ യൂണിവേഴ്സിറ്റി രജിസ്ട്രാർ സംസ്ഥാന പോലീസ് മേധാവിയ്ക്ക് നൽകിയ പരാതിയിന്മേൽ, തിരുവനന്തപുരം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് പ്രാഥമിക അന്വേഷണം നടത്തി പ്രസ്തുത സംഗതി സംബന്ധിച്ച് ക്രൈംബ്രാഞ്ചിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ ശിപാർശ ചെയ്തുകൊണ്ട് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ചിൽ ക്രൈം നമ്പർ 519/CB/TVM/D/2019 U/s420, 468 IPC & 56 C, 66 D of IT |

| | | | |
|---|---|---|---|
| | | | Act 2008 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (സി) | ക്രമക്കേട് സോഫ്റ്റ് വെയർ തകരാർ മൂലം സംഭവിച്ചതാണെന്ന് സർവ്വകലാശാലയുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; ഇത് ക്രൈംബ്രാഞ്ചിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; | (സി) | സിൻഡിക്കേറ്റ് നിയോഗിച്ച വിദഗ്ധ സമിതിയുടെ അന്വേഷണ റിപ്പോർട്ടിൽ സോഫ്റ്റ് വെയർ തകരാർ മൂലമാണ് ക്രമക്കേട് സംഭവിച്ചതെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത വിവരം രേഖാമൂലം ക്രൈംബ്രാഞ്ചിനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | യൂണിവേഴ്സിറ്റിയുടെ വിശ്വാസ്യതയെ തന്നെ തകർക്കുന്ന ഇത്തരം കാര്യങ്ങളിൽ സമഗ്രമായ അന്വേഷണം നടത്തി വസ്തുത വെളിച്ചത്ത് കൊണ്ടുവരുന്നതിന് സമഗ്ര അന്വേഷണം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത കേസ് ക്രൈംബ്രാഞ്ച് സമഗ്രമായി അന്വേഷിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.